"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ് - **Implementation of Annual Survey of Unincorporated Sector Enterprises (ASUSE)** സർവേയുടെ രണ്ട്, മൂന്ന്, നാല് പാദങ്ങളിലായി ഫീൽഡ് തല വിവരശേഖരണം നടത്തുന്നതിനായി 28 എന്യൂമറേറ്റർമാരെ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.315/2026/P&EA തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-
1. 18-02-2026 ലെ സ.ഉ(അച്ചടി) നം.24/2026/ധന
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 20.06.2026, 25.02.2026 തീയതികളിലെ ഡിഇഎസ്/683/2026 എസ്എ II (ഐ.ഐ.പി) നമ്പർ കത്തുകൾ

**ഉത്തരവ്**

Implementation of Annual Survey of Unincorporated Sector Enterprises (ASUSE) 2026-ലെ സർവേയുടെ ഓരോ പാദത്തിലും പൂർത്തിയാക്കേണ്ട 182 സർവേ യൂണിറ്റുകളിൽ, ആദ്യ പാദത്തിലെ സർവേയിലെ 165 യൂണിറ്റുകളിലെയും, രണ്ടാം പാദത്തിലെ 99 യൂണിറ്റുകളിലെയും പ്രവർത്തനങ്ങൾ മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത് എന്നും നാഷണൽ സാമ്പിൾ സർവേ സ്കീമിലെ ജീവനക്കാർക്ക് ASUSE സർവേയുടെ അധികചുമതല നൽകിയാണ് ടി നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതെന്നും, എന്നാൽ നാഷണൽ സാമ്പിൾ സർവേയുടെ പുതിയ റൗണ്ടിൽ 2026 ജൂലൈ 1 മുതൽ മൂന്ന് സർവേകൾ ആരംഭിക്കുന്നതിനാൽ നാഷണൽ സാമ്പിൾ സർവ്വേ സ്കീമിലെ ജീവനക്കാരുടെ സേവനം തുടർന്ന് ASUSE സർവേക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ, 2026 ജൂലൈ മുതലുള്ള ASUSE സർവേയുടെ പ്രവർത്തനം പൂർണ്ണമായും തടസ്സപ്പെടുമെന്നും, 2026-27 സാമ്പത്തിക വർഷത്തിലെ ASUSE എന്ന പ്ലാൻ സ്കീമിന്റെ ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടാൻ സാധ്യതയുള്ള സാഹചര്യത്തിൽ, സർവേ പ്രവർത്തനങ്ങളുടെ സമയക്രമവും അടിയന്തര പ്രാധാന്യവും പരിഗണിച്ച്, 2026 ജൂലൈ 1 മുതൽ സർവേയുടെ മൂന്ന് പാദങ്ങളിലായി ഫീൽഡ് തല വിവരശേഖരണം നടത്തുന്നതിനായി സ്റ്റാറ്റിസ്റ്റിക്സ്, എക്കണോമിക്സ്, മാത്തമാറ്റിക്സ്, കൊമേഴ്സ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ളതുമായ ഉദ്യോഗാർത്ഥികളിൽ നിന്ന് (ഓപ്പൺ മാർക്കറ്റ്/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) 28 പേരെ എന്യൂമറേറ്റർമാരായി നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച്

കരാർ അടിസ്ഥാനത്തിൽ, പ്രതിമാസം ₹27,040/- (ഇരുപത്തിയേഴായിരത്തി നാൽപത് രൂപ മാത്രം) നിരക്കിൽ ഒൻപത് മാസത്തേക്ക് താൽക്കാലികമായി നിയമിക്കുന്നതിന് മുൻകൂർ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 ലെ ഡിപ്പാർട്ടുമെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സാധൂകരണം തേടേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, **Implementation of Annual Survey of Unincorporated Sector Enterprises (ASUSE)** സർവേയുടെ രണ്ട്, മൂന്ന്, നാല് പാദങ്ങളിലായി ഫീൽഡ് തല വിവരശേഖരണം നടത്തുന്നതിനായി സ്റ്റാറ്റിസ്റ്റിക്സ്, എക്കണോമിക്സ്, മാത്തമാറ്റിക്സ്, കൊമേഴ്സ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ളതുമായ ഉദ്യോഗാർത്ഥികളിൽ നിന്ന് ഓപ്പൺ മാർക്കറ്റ്/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന **28 പേരെ (ഓരോ ജില്ലയിലും 2 പേർ വീതം)** എന്യൂമറേറ്റർമാരായി, പരാമർശ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ, പ്രതിമാസം **₹27,040/- (ഇരുപത്തേഴായിരത്തി നാൽപ്പത് രൂപ മാത്രം) നിരക്കിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ 31.03.2027 വരെയുള്ള** കാലയളവിലേക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Vide 3450408: EXP-B3/81/2026-FIN dated 19.07.2026)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Suja. B
Date: 30-07-2026
14:11:11
സെക്ഷൻ ഓഫീസർ